**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2141** **14-10-2024 - ൽ മറുപടിയ്ക്ക്**

**എസ്.എ.ടി. ആശുപത്രിയിൽ വൈദ്യുതി മുടങ്ങിയ സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. എം. വിൻസെന്റ്,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | എസ്.എ.ടി. ആശുപത്രിയിൽ നാലു മണിക്കൂറോളം വൈദ്യുതി മുടങ്ങി ചികിത്സ നിലച്ച സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | തിരുവനന്തപുരം ശ്രീഅവിട്ടം തിരുനാൾ ആശുപത്രിയിൽ 29/09/2024 -ൽ രാത്രിയിൽ വൈദ്യുതി തടസം നേരിട്ട സംഭവത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ജോയിന്റ് ഡയറക്ടർ, സ്പെഷ്യൽ ഓഫീസർ എന്നിവർ ഉൾപ്പെട്ട അന്വേഷണസംഘം അന്വേഷണം നടത്തിയിട്ടുണ്ട്. കൂടാതെ ഇക്കാര്യത്തിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് മുഖേന ഊർജ വകുപ്പ് നടത്തിയ അന്വേഷണ റിപ്പോർട്ട് നിലവിൽ ആരോഗ്യ വകുപ്പിന്റെ പരിഗണനയിലുമുണ്ട്. ഇക്കാര്യത്തിൽ ഗൗരവത്തോടു കൂടിയുള്ള പരിശോധന സർക്കാർ നടത്തി വരികയാണ്. |
| (ബി) | ഇത്രയും ഗുരുതരമായ പിഴവ് സംഭവിക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കുമോ; ആശുപത്രിയിലെ ഏതൊക്കെ വിഭാഗങ്ങളുടെ പ്രവർത്തനമാണ് നിലച്ചതെന്നും എന്ത് ബദൽ ക്രമീകരണമാണ് ഏർപ്പെടുത്തിയതെന്നും വിശദമാക്കുമോ; | (ബി) | തിരുവനന്തപുരം ശ്രീഅവിട്ടം തിരുനാൾ ആശുപത്രിയിൽ 29/09/2024 -ൽ രാത്രിയിൽ വൈദ്യുതി തടസമുണ്ടായെങ്കിലും ആശുപത്രിയിലെ ഡോക്ടർമാരുടെയും മറ്റു സ്റ്റാഫുകളുടേയും അവസരോചിതമായ പ്രവർത്തനങ്ങളിലൂടെ അത്യാഹിതങ്ങൾ ഒഴിവാക്കാൻ കഴിഞ്ഞിരുന്നു. |
| (സി) | പ്രസ്തുത സംഭവത്തിന് ഉത്തരവാദികളായവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (സി) | പ്രസ്തുത വിഷയത്തെ സംബന്ധിച്ചുള്ള അന്വേഷണ റിപ്പോർട്ട് പ്രകാരം പൊതുമരാമത്ത് വകുപ്പ് തുടർ നടപടികൾ അടിയന്തരമായി സ്വീകരിച്ചു വരുന്നു. പി.ഡബ്ല്യു.ഡി, ഇലക്ട്രിക്കൽ വിഭാഗം ജീവനക്കാർക്കെതിരെ പൊതുമരാമത്ത് വകുപ്പ് തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>2024 സെപ്റ്റംബർ 29 -ആം തീയതി രാത്രിയിൽ എസ്.എ.ടി. ആശുപത്രിയിൽ വൈദ്യുത തടസം നേരിട്ടതിൽ എസ്.എ.ടി. ആശുപത്രിയുടെ ചുമതലയുള്ള പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ ഭാഗത്ത് നിന്ന് ഔദ്യോഗിക കൃത്യനിർവഹണത്തിൽ വീഴ്ചയുണ്ടായതായി പൊതുമരാമത്ത് കെട്ടിടവിഭാഗം |

| | | | |
|---|---|---|---|
| | | | ചീഫ് എൻജിനീയർ സർക്കാരിൽ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയുടെ ചുമതലയുള്ള പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറെ 1960-ലെ കേരള സിവിൽ സർവീസസ് (തരം തിരിവും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം അന്വേഷണ വിധേയമായി ഉടൻ പ്രാബല്യത്തിൽ സർവീസിൽ നിന്നും സസ്പെന്റ് ചെയ്തു കൊണ്ടും ടി വീഴ്ചകൾ സംബന്ധിച്ച് വിശദമായി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ പൊതുമരാമത്ത് കെട്ടിടവിഭാഗം ചീഫ് എൻജിനീയറെ ചുമതലപ്പെടുത്തിക്കൊണ്ടും 04/10/2024-ലെ സ.ഉ(സാധാ) 1020/2024/പി.ഡബ്ല്യൂ.ഡി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ മേൽ വീഴ്ചയുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് തിരുവനന്തപുരം മെഡിക്കൽ കോളേജ് ഇലക്ട്രിക്കൽ വിഭാഗത്തിലെ അസിസ്റ്റന്റ് എൻജിനീയർ, ഓവർസിയർ ഗ്രേഡ് 1 എന്നിവരെയും അന്വേഷണ വിധേയമായി സേവനത്തിൽ നിന്നും വേലവിലക്കി ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ